(ഇ) വിവിധ നിയമ വേദികളിലുള്ള ഫോറസ്റ്റ് കേസുകൾക്ക് കേന്ദ്രീകൃതമായ നിയമോപദേശം നൽകാൻ സംവിധാനം ഉണ്ടാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കോളജിക്കലി ഫ്രെജയിൽ ലാന്റ്സ് ഓർഡിനൻസുമായി ബന്ധപ്പെട്ട 34 കേസ്സുകൾ ഹൈക്കോടതിയിൽ നിലവിലുണ്ട്.

(സി) ഇല്ല.

(ഡി) കോഴിക്കോട്, പാലക്കാട് ട്രൈബൂണലുകളിലായി (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) ആക്ട് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ വനഭൂമി വിട്ടുകിട്ടുന്നതിനായി എത്രകേസ്സുകൾ നിലവിലുണ്ടെന്നുള്ള വിവരം ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

(ഇ) പരിഗണിക്കാവുന്നതാണ്.

വനം വകുപ്പിന്റെ കൈവശമുള്ള വസ്തു വിട്ടുകൊടുക്കുന്നതിന് നടപടി

93 (4132) ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ വേങ്ങശ്ശേരി മേലക്കാട് ഉണ്ണികൃഷ്ണൻ നായരുടെ 3 ഏക്കർ 4 സെന്റ് ഭൂമി വനം വകുപ്പിന്റെ കൈവശമുണ്ടോ ;

(ബി) പ്രസ്തുത ഭൂമി ഉണ്ണികൃഷ്ണൻ നായർക്ക് വിട്ടുകൊടുക്കുന്നതിന് 1997-ൽ ഫോറസ്റ്റ് ട്രൈബ്യൂണലും 1996-ൽ ബഹു. കേരള ഹൈക്കോടതിയും ഉത്തരവായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതുവരെയും പ്രസ്തുത സ്ഥലം വിട്ടുകൊടുക്കാത്തതിന്റെ കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത സ്ഥലത്തിനോട് ചേർന്നു കിടക്കുന്ന വസ്തുക്കൾ ചില വ്യക്തികൾക്ക് വിട്ടുകൊടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഇ) 1986-ലെ ഉത്തരവിൻ പ്രകാരം ഈ സ്ഥലം 5-ാം ഖണ്ഡികയിൽ പെടുത്തിയിട്ടുണ്ടോ ;

(എഫ്) ഇതിനെതിരെ ഉണ്ണികൃഷ്ണൻ നായർ കൊടുത്ത കേസിൽ ഈ സ്ഥലം പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലമാണെന്ന് സത്യവാങ്മൂലം വനം വകുപ്പ് കോടതിയിൽ നല്കിയിട്ടുണ്ടോ ;

(ജി) രണ്ട് അനുകൂല വിധികളുണ്ടായിട്ടും ആയതിനോട് ചേർന്ന സ്ഥലങ്ങൾ പലർക്കും വിട്ടുകൊടുത്തിട്ടും ശ്രീ. ഉണ്ണികൃഷ്ണൻ നായർക്ക് സ്ഥലം വിട്ടുകൊടുക്കാത്തതിന് ഏതെങ്കിലും പ്രത്യേക കാരണമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഇല്ലെങ്കിൽ പ്രസ്തുത സ്ഥലം ഉണ്ണികൃഷ്ണൻ നായർക്ക് വിട്ടുകൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഒറ്റപ്പാലം താലൂക്കിലെ അമ്പലപ്പാറ വില്ലേജിലെ 1282/5 എന്നീ സർവ്വേ നമ്പരിൽപ്പെട്ട 3.04 ഏക്കർ സ്ഥലം കേരള സ്ഥിരപതമാക്കലും പതിച്ചു കൊടുക്കലും) പ്രകാരം നോട്ടിഫൈ ചെയ്തിട്ടുള്ളതാണ്.

(ബി) ഉത്തരവായിട്ടുണ്ട്.

(സി) ശ്രീ. സി. ഉണ്ണികൃഷ്ണൻ നായർ ഫയൽ ചെയ്ത പ്രകാരമുള്ള ഒ.എ. ഷെഡ്യൂളുകളിൽ 3.04 ഏക്കർ സ്ഥലമാണ് വിട്ടുകിട്ടാനായി ആവശ്യപ്പെട്ടിരുന്നത് എന്നാൽ ഫോറസ്റ്റ് ട്രൈബ്യൂണലിന്റെ വിധിയിൽ 2.04 ഏക്കറാണ് വിസ്തീർണ്ണം കാണിച്ചിരുന്നത്. തുടർന്ന് അപേക്ഷകൻ ഐ. എ. ഫയൽ ചെയ്യുകയും വിസ്തീർണ്ണം 3.04 ഏക്കറായി കോടതി തിരുത്തി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥലം സർവ്വെ ചെയ്ത് സ്കെച്ച് തയ്യാറാക്കിയതിൽ വിസ്തീർണ്ണം 2.04 ഏക്കറാണ് കാണുന്നത്. സർവ്വേ സ്കെച്ച് പ്രകാരമുള്ള സ്ഥലം ഏറ്റെടുക്കുന്നതിനായി അപേക്ഷകന് പാലക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 5-8-1998-ന് നോട്ടീസ് നൽകിയെങ്കിലും ജഡ്ജ്മെന്റ് ഷെഡ്യൂൾ പ്രകാരമുള്ള 3.04 ഏക്കൽ വിട്ടുകിട്ടാനായി ടിയാൻ അപേക്ഷ നല്കുകയും ഒരു ഒ. പി. യും (5373/98) ഫയൽ ചെയ്തിട്ടുണ്ട്. ഒ. പി. കോടതിയിൽ തീർപ്പായിട്ടില്ല. ഇതാണ് കാരണം

(ഡി) പ്രസ്തുത സ്ഥലം വി. എഫ്. സി. ഐറ്റം നമ്പർ 52-ൽ ഉൾപ്പെട്ട ചിരട്ടി മലവാരത്തിൽ ഉൾപ്പെടുന്നതാണ്. മേൽ വി. എഫ്. സി. യിൽപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ഒന്നുംതന്നെ വിട്ടുകൊടുത്തിട്ടില്ല.

(ഇ) ഉണ്ട്.

(എഫ്) ഉണ്ട്.

(ജി) ഉത്തരം 'സി ആന്റ് ഡി എന്നിവയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(എച്ച്) ഒ. പി. നമ്പർ 5373/98-ൽ വിധിയാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

മറയൂരിലെ ചന്ദന മരങ്ങൾ

94 (4134) ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എൻ. ശക്തൻ :
ശ്രീമതി മേഴ്സി രവി :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറയൂരിൽ ചന്ദനമരങ്ങൾ എത്രയുണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly